പാലക്കാട്	6021
മലപ്പുറം	8239
കോഴിക്കോട്	5347
വയനാട്	2522
കണ്ണൂർ	4174
കാസർഗോഡ്	4872
കോട്ടയം	3192
ആകെ	72989

(ബി) 28-5-1998-ലെ ഉത്തരവ് (പി) 23/98/തൊഴിൽ, 11-8-1998-ലെ സർക്കാർ ഉത്തരവ് (പി) 52/98/തൊഴിൽ എന്നിവ പ്രകാരം 31-5-1998 വരെ മാത്രമേ എംപ്ലോയ്മെന്റ് വകുപ്പിന് തൊഴിൽരഹിത വേതനം അനുവദിക്കുവാൻ കഴിയുകയുള്ളൂ. അപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5/98 വരെ പുതുതായി 32198 പേർക്ക് തൊഴിൽ രഹിതവേതനം അനുവദിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം 1-6-1998 മുതൽ തൊഴിൽ രഹിതവേതനം അനുവദിക്കുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയ്ക്കാണ്. നിലവിലുണ്ടായിരുന്ന ഗുണഭോക്താക്കളും പുതിയ മാനദണ്ഡങ്ങൾക്കനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ അപേക്ഷിച്ചർഹത നേടേണ്ടതുണ്ട്. അപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി പുതിയതായി അപേക്ഷിച്ച അർഹത നേടിയവരുടെ എണ്ണം ലഭ്യമായ കണക്കനുസരിച്ച് 3,67,541 ആണ്.

(നക്ഷത്രചിഹ്നമിടാത്ത 93, 130, 135, 143 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II അടിയന്തിരപ്രമേയം

കൊല്ലം എസ്.എൻ കോളേജ് പ്രിൻസിപ്പാളിനെ ബന്ദിയാക്കി ഒത്തുതീർപ്പ് കരാർ ഒപ്പിടുവിച്ചതായി പറയപ്പെടുന്ന സംഭവം :

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... കൊല്ലം എസ്.എൻ. കോളേജിലെ വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് പ്രസ്തുത കോളേജ് പ്രിൻസിപ്പളിനെ തടഞ്ഞുവച്ച് ഒത്തുതീർപ്പ് കരാർ പുറപ്പെടുവിച്ചതിനെത്തുടർന്ന് ഉളവായിട്ടുള്ള അനിഷ്ടസംഭവങ്ങൾ മൂലം നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം റൂൾ 50 അനുസരിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ആർ. ബാലകൃഷ്ണപിള്ള, പി.പി. തങ്കച്ചൻ, പി.കെ. കുഞ്ഞാലിക്കുട്ടി, കെ.എം. മാണി, ടി.എം. ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ഈ കാര്യം ഇവിടെ ഉന്നയിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ കൂടി ചെയർ ചൂണ്ടിക്കാണിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സംഭവവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ കോടതിയുടെ പരിഗണനയിൽ ഇരിപ്പുണ്ട്. കണ്ടംപ്റ്റ് ഓഫ് കോർട്ടിന്റെ ഒരു കേസ് ഹൈക്കോടതിയിലുണ്ട്. തുടർന്ന് മറ്റു ജുഡീഷ്യൽ എൻകയറിയുടെ സംഗതികൾ പറഞ്ഞിട്ടുണ്ട്. ഇതിവിടെ അവതരിപ്പിക്കുന്ന സമയത്ത് സബ്ജുഡീസാകാതെ കണ്ട് സംയമനം പാലിച്ചുകൊണ്ട് ആ വിഷയങ്ങൾ അവതരിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന കാര്യം ചെയർ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സ്പീക്കർ സർ, കൊല്ലം ശ്രീനാരായണ കോളേജിലെ വിദ്യാർത്ഥിസമരം 1-2-2000-ത്തോടുകൂടി അവസാനിക്കുകയും കോളേജിന്റെ പ്രവർത്തനം ഇപ്പോൾ സമാധാനപരമായി നടന്നുവരികയുമാണ്. എസ്.എൻ കോളേജ് സമരം അവസാനിപ്പിച്ചതോടെ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇപ്പോൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുകയാണ്. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ ഇക്കാര്യം സഭയിൽ ചർച്ച ചെയ്യുന്നതിന് പരിമിതിയുണ്ട്. കൊല്ലം എസ്.എൻ. കോളേജിൽ ആഗസ്റ്റ് 10-ാം തീയതി രാവിലെ 10.30 മണിയോടുകൂടി കെ.എസ്.യു അനുഭാവിയും കോളേജിലെ പ്രീഡിഗ്രി വിദ്യാർത്ഥിയുമായ ഷാജി എസ്. എഫ്.ഐ വിദ്യാർത്ഥികളുമായി സംസാരിച്ചു പിണങ്ങി. ക്യാംപസ് വിട്ടുപോയ ഷാജി അൽപ്പം കഴിഞ്ഞ് ഒരു വാളുമായി തിരികെ വന്ന് എസ്.എഫ്.ഐ-ക്കാരനായ സന്തോഷിനെ വെട്ടി പരിക്കേൽപ്പിച്ചു. തുടർന്നുണ്ടായ ബഹളത്തിനിടയിൽ ആരോ കല്ലെറിഞ്ഞതിൽ കോളേജ് കെട്ടിടത്തിന് ചില്ലറ നാശനഷ്ടങ്ങൾ ഉണ്ടാകുകയും ഒരു എ.എസ്.ഐ-ക്കും മറ്റ് നാല് പോലീസുദ്യോഗസ്ഥന്മാർക്കും പരിക്കുപറ്റുകയും ചെയ്തു. തുടർന്ന് കെ.എസ്.യു വിദ്യാർത്ഥിയായ ഷാജിയേയും നാല് എസ്.എഫ്.ഐ വിദ്യാർത്ഥികളേയും കോളേജിൽ നിന്ന് പുറത്താക്കി. ഇപ്രകാരം പുറത്താക്കപ്പെട്ട എസ്.എഫ്.ഐ വിദ്യാർത്ഥികളെ തിരിച്ചെടുക്കണം എന്നാവശ്യപ്പെട്ട് 27-10-1999 മുതൽ വിദ്യാർത്ഥികൾ കോളേജ് ഗേറ്റിനു മുന്നിൽ അനിശ്ചിതകാല റിലേ സത്യാഗ്രഹം ആരംഭിച്ചു. തുടർന്ന് പ്രിൻസിപ്പാൾ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ നിന്നും നേടിയ പ്രൊട്ടക്ഷൻ ഓർഡറിന്റെ പശ്ചാത്തലത്തിൽ കോളേജ് ഗേറ്റിനു സമീപത്തു നിന്ന് സമരപ്പന്തൽ 50 മീറ്റർ ദൂരത്തേയ്ക്കു മാറ്റി; വിദ്യാർത്ഥി പ്രതിനിധികൾ 25-11-1999 മുതൽ അനിശ്ചിതകാല നിരാഹാരസത്യാഗ്രഹം നടത്തിവന്നു. 19-11-1999-ലെ ഹൈക്കോടതി ഉത്തരവിൽ ഇങ്ങനെ പറയുന്നു. 'In the said circumstances I direct the respondents 2 to 4 depute sufficient police force to see that law and order situation is maintained and no damage takes place to the college or to the college building and life of the students, teachers and non-teaching staff are protected. Police shall also see that no students or nobody enter the college compound with any weapon and no persons other than students, Principal, teachers and non-teaching staff are entering into the college compound and no demonstration takes place within 50 metres from the gate of the S.N. College, Kollam.' ഈ ഉത്തരവുപ്രകാരം കോളേജിൽ 22-11-1999 മുതൽ പോലീസ് പ്രൊട്ടക്ഷൻ ഏർപ്പെടുത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സമരത്തിലേർപ്പെട്ടിരുന്ന വിദ്യാർത്ഥികളിൽ നൂറോളം പേർ 2000 ഫെബ്രുവരി 1-ാം തീയതി പ്രിൻസിപ്പാളിന്റെ ഓഫീസു മുറിയുടെ മുന്നിൽ ഇരുവശത്തുമായി ഇരുപ്പുറപ്പിച്ചു. അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ്പാർട്ടി ഉടൻ തന്നെ പ്രിൻസിപ്പാളിന്റെ രക്ഷയ്ക്കായി എത്തുകയും അദ്ദേഹത്തിന്റെ മുറിയുടെ വാതിലിനു മുന്നിൽ നിലയുറപ്പിക്കുകയും ചെയ്തു. പ്രകോപിതരായി നിലകൊള്ളുന്ന വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്യുകയോ മറ്റോ ചെയ്താൽ പ്രശ്നം കൂടുതൽ വഷളാകുമെന്ന് കണ്ട് അവിടെ എത്തിയ കൊല്ലം ഡി.വൈ.എസ്.പി. വിദ്യാർത്ഥി നേതാക്കളുമായി ചർച്ച നടത്തി. എന്നാൽ വിദ്യാർത്ഥി നേതാക്കൾ ജില്ലാകളക്ടറെ സമീപിച്ച് ഈ പ്രശ്നത്തിലിടപെട്ട് പ്രശ്നം സമാധാനപരമായി ഒത്തുതീർപ്പാക്കണമെന്ന് ആവശ്യപ്പെട്ടു. ഇതേത്തുടർന്ന് ഇരുവിഭാഗവുമായി കളക്ടർ ചർച്ചയ്ക്ക് തയ്യാറായി. ജില്ലാ പോലീസ് സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ ജില്ലാകളക്ടർ എസ്.എൻ.ഡി.പി. നേതാക്കളുമായും വിദ്യാർത്ഥി നേതാക്കളുമായും ചർച്ചകൾ നടത്തി. വൈകുന്നേരം 6.30 മണിയോടുകൂടി ക്ഷമ ചോദിക്കുക ആണെങ്കിൽ ഒരു വിദ്യാർത്ഥിയെ കോളേജിൽ തിരികെ പ്രവേശിപ്പിക്കുവാൻ താൻ സന്നദ്ധനാണെന്ന് പ്രിൻസിപ്പാൾ ജില്ലാകളക്ടറെ അറിയിച്ചു. ആ വിവരം ജില്ലാകളക്ടർ വിദ്യാർത്ഥികളെ അറിയിക്കുകയും അതേത്തുടർന്ന് അവിടെ നിലനിന്നിരുന്ന സ്ഫോടനാത്മകമായ അന്തരീക്ഷത്തിന് അയവു വരികയും ചെയ്തു. കളക്ടറും പ്രിൻസിപ്പാളും ജില്ലാ പോലീസ് സൂപ്രണ്ട്, ആർ.ഡി.ഒ., കരുനാഗപ്പള്ളി എ.എസ്.പി., എം.എൽ.എ., എം.പി., സ്റ്റാഫ് കൗൺസിൽ മെമ്പേഴ്സ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ ധാരണയുണ്ടാക്കി. അതനുസരിച്ച് ചർച്ചയിലുണ്ടായ പരസ്പര ധാരണ അടുത്ത ദിവസം സ്റ്റാഫ് കൗൺസിൽ വിളിച്ചുകൂട്ടി അംഗീകാരം തേടാമെന്ന് പ്രിൻസിപ്പാൾ പറഞ്ഞു. പത്രപ്രതിനിധികളുടെയും ഫോട്ടോഗ്രാഫർമാരുടെയും വീഡിയോഗ്രാഫർമാരുടെയും സാന്നിദ്ധ്യത്തിലാണ് ഈ കാര്യങ്ങൾ നടന്നത്. കോളേജിന്റെ നന്മയ്ക്കുവേണ്ടിയാണ് താൻ ഇത്തരത്തിലുള്ള ഒരു എഗ്രിമെന്റ് ഒപ്പു വെച്ചതെന്ന് പ്രിൻസിപ്പാൾ പിന്നീട് പത്രലേഖകരോട് പറഞ്ഞു. പ്രിൻസിപ്പാൾ എടുത്ത തീരുമാനം അടുത്ത ദിവസം അദ്ദേഹം തന്നെ വിളിച്ചുകൂട്ടിയ സ്റ്റാഫ് കൗൺസിൽ ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തു. പ്രിൻസിപ്പാളിനു വെള്ളം പോലും കൊടുക്കാതെയും പ്രാഥമികാവശ്യങ്ങൾക്ക് സൗകര്യം നൽകാതെയും ബന്ദിയാക്കി വച്ചുവെന്ന ആരോപണം ശരിയല്ല. കോടതി ഉത്തരവുകൾ പാലിക്കുകയും കോളേജിനാവശ്യമായ സംരക്ഷണം നൽകുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതി ഉത്തരവിൽ പറഞ്ഞതുപോലെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ജീവൻ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളോ അദ്ധ്യാപകരോ അല്ലാത്തവരും ആയുധധാരികളായവരും കോളേജിൽ കടക്കുന്നത് തടയുന്നതിനും കോളേജിൽ നാശനഷ്ടങ്ങൾ വരാതെ സംരക്ഷിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ തികച്ചും സമാധാനപരമായ അന്തരീക്ഷത്തിൽ കോളേജ് പ്രവർത്തനം നടന്നുവരികയാണ്. കൊല്ലം എസ്.എൻ. കോളേജിലെ സമരം ഒത്തുതീർപ്പായതിനുശേഷം ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ചില സമരപരിപാടികൾ കോൺഗ്രസ് (ഐ)യുടെയും ബി.ജെ.പി.യുടെയും മറ്റും നേതൃത്വത്തിൽ നടന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാപോലീസ് സൂപ്രണ്ടിന്റെ ഓഫീസിലേയ്ക്ക് കോൺഗ്രസ്സ് പ്രവർത്തകർ .

LIBRARY ARCHIVES Kerala Legislative Assembly

7-2-2000ന് ഒരു മാർച്ച് നടത്തിയിരുന്നു. യൂത്ത് കോൺഗ്രസ്സ് ജില്ലാ പ്രസിഡന്റ് തൊടിയൂർ രാമചന്ദ്രൻ, യൂത്ത് കോൺഗ്രസ്സ് സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ.സി. വേണുഗോപാൽ എം.എൽ.എ തുടങ്ങിയവർ നേതൃത്വം നൽകിയ മാർച്ച് കൊല്ലം റെസ്റ്റ് ഹൗസ് ജംഗ്ഷനിൽ നിന്ന് രാവിലെ 10.30 മണിയോടെ ആരംഭിച്ചു. മാർച്ച് ഡി.സി.സി. ഓഫീസിനടുത്ത് എസ്.എൻ. ട്രസ്റ്റ് ഓഫീസിന് മുൻവശം വച്ച് പോലീസ് തടഞ്ഞു. പ്രകടനക്കാർ റോഡിൽ കുത്തിയിരുന്നു. രമേശ് ചെന്നിത്തല എം.പി., ശ്രീ. കെ.സി. വേണുഗോപാൽ എം.എൽ.എ. തുടങ്ങിയവർ പ്രകടനത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയും മാർച്ച് ഉത്ഘാടനം ചെയ്തുകഴിഞ്ഞ ശേഷം അവർ പോകുകയും ചെയ്തു. തുടർന്ന് തൊടിയൂർ രാമചന്ദ്രൻ സംസാരിച്ചുകൊണ്ടിരിക്കെ പ്രകടനത്തിന്റെ പുറകിൽ ഡ്യൂട്ടിക്കു നിന്നിരുന്ന പോലീസുകാരുടെ നേരെ കല്ലേറുണ്ടായി. പോലീസ് സംയമനം പാലിച്ചു. യോഗം അവസാനിപ്പിച്ച് ഉച്ചയ്ക്ക് 12.30 മണിയോടുകൂടി പിരിഞ്ഞുപോകാൻ തുടങ്ങിയ പ്രകടനക്കാർ ഡി.സി.സി. ഓഫീസിനു മുന്നിൽ നിന്ന പോലീസുകാർക്കു നേരെ വീണ്ടും കല്ലെറിഞ്ഞു. കല്ലേറിൽ കൊല്ലം ഡി.വൈ.എസ്.പി., എ.എസ്.പി. ജയരാജ്, കുണ്ടറ സി.ഐ. എന്നിവർക്കും പരിക്കുപറ്റി. കൂടാതെ കേരളാ വാട്ടർ അതോറിറ്റിയുടെ ഒരു ജീപ്പ് മറിച്ചിട്ട് തീ കത്തിക്കുകയും ചെയ്തു. പ്രകടനക്കാർ കൂടുതൽ അക്രമാസക്തരാകുന്നതു കണ്ട് ഇവരെ പിരിച്ചുവിടാൻ പോലീസ് ലാത്തിച്ചാർജ് നടത്തി. ഇതേത്തുടർന്ന് ചിതറി ഓടിയ പ്രകടനക്കാർ ഡി.സി.സി. ഓഫീസ് കോമ്പൗണ്ടിൽ തടിച്ചുകൂടി പോലീസിനു നേരെ വീണ്ടും കല്ലേറു നടത്തി. കല്ലേറിൽ രണ്ട് എസ്.ഐ. മാർക്കും 25 പോലീസുകാർക്കും പരിക്കുപറ്റി. അതേതുടർന്ന് പോലീസ് ഡി.സി.സി. ഓഫീസ് കോമ്പൗണ്ടിൽ കയറി അവിടെ നിന്ന പ്രവർത്തകരെ ലാത്തിച്ചാർജ്ജ് നടത്തി പിരിച്ചുവിട്ടു. ഡി.സി.സി ഓഫീസിൽ നിന്നു പിരിഞ്ഞുപോയ മറ്റ് പ്രവർത്തകർ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കു നേരെ കല്ലെറിഞ്ഞു നാശനഷ്ടം വരുത്തി. ഈ കാര്യത്തിൽ പൊതുമുതൽ നശിപ്പിക്കുന്നതിന് എതിരെയുള്ള വകുപ്പുൾപ്പെടെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾപ്രകാരം കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും 13 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. അറസ്റ്റ് ചെയ്തവരെ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് ശ്രീ. എ.കെ. ആന്റണി, ശ്രീ. വയലാർ രവി എം.പി. തുടങ്ങിയ നേതാക്കൾ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ എത്തി. ഈ ആവശ്യം നിരാകരിച്ചതിനെ തുടർന്ന് ചിന്നക്കടയിൽ നാഷണൽ ഹൈവേ പിക്കറ്റ് ചെയ്ത് ഗതാഗത തടസ്സം സൃഷ്ടിച്ചു. അവരെ നീക്കം ചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുവരികയും ഇതുസംബന്ധിച്ച് മറ്റൊരു കേസ് രജിസ്റ്റർ ചെയ്തശേഷം എല്ലാവരെയും കൊല്ലം ഒന്നാം ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ടു മുൻപാകെ ഹാജരാക്കുകയും ചെയ്തു. അവിടെ നിന്ന് അവർ ജാമ്യത്തിൽ പോയിട്ടുള്ളതാണ്. കൂടാതെ ഡി.സി.സി. ഓഫീസിനുള്ളിൽ കയറി പോലീസ് അക്രമം കാണിച്ചുവെന്ന് ഡി.സി.സി. പ്രസിഡന്റ് പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പോലീസുകാർക്കെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അതിനെപ്പറ്റി അന്വേഷണം നടത്തി വരികയുമാണ്. ഈ സംഭവത്തെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തീരുമാനിക്കുകയും അന്വേഷണ കമ്മീഷനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, അങ്ങുപറഞ്ഞ ചട്ടക്കൂട്ടിൽ ഒതുങ്ങി നിന്നുകൊണ്ട് ഈ പ്രശ്നം അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പക്ഷേ, മുഖ്യമന്ത്രി പരാമർശിച്ച വിഷയങ്ങൾ എനിക്കും പരാമർശിക്കാൻ അവകാശമുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഒരുപക്ഷേ, ഈ നിയമസഭയുടെ ചരിത്രത്തിൽത്തന്നെ അതിപ്രധാനമായ ഒരു പ്രശ്നമാണിത്. ആ പ്രശ്നം ഈ സഭയിലെ ഭരണകക്ഷിയിലിരിക്കുന്ന അംഗങ്ങൾക്കുവേണ്ടിക്കൂടി ഈ സഭയിൽ ചർച്ചചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ആദ്യത്തെ കലാലയങ്ങളിലൊന്നാണ് കൊല്ലം ശ്രീനാരായണ കോളേജ്. ഈ കോളേജ് 1950-ന് മുമ്പ് സർ സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂറിലെ ദിവാനായിരുന്ന കാലഘട്ടത്തിൽ അനുവദിക്കപ്പെട്ട കോളേജുകളിലൊന്നാണ്. ഈ കോളേജ് ജനാധിപത്യവ്യവസ്ഥിതിക്ക് മുൻപുണ്ടായ കോളേജാണ്. ഈ രാജ്യത്തെ വളരെയധികം പിന്നോക്ക-പട്ടികജാതി വിഭാഗക്കാരായ ആളുകൾക്ക് പഠിക്കാനും വളരാനും സൗകര്യമുണ്ടാക്കിക്കൊടുത്ത ഒരു കോളേജാണിത്. ആചാര്യന്റെ നാമധേയത്തിൽ, സന്യാസിവര്യന്റെ നാമധേയത്തിൽ, പണ്ഡിതശ്രേഷ്ഠനായ ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിൽ ശ്രീമാൻ ആർ. ശങ്കർ ഒരുരൂപയും പിടിയരിയും പിരിച്ചുണ്ടാക്കിയ മഹാവിദ്യാലയമാണ് ഈ വിദ്യാലയം. ഈ കലാലയം നമ്മുടെ രാജ്യത്തെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന കലാലയങ്ങളിൽ ഒന്നാണ്. പത്രങ്ങളിൽ കണ്ട കണക്കനുസരിച്ച് 4,500-ലധികം കുട്ടികൾ ഈ കലാലയത്തിൽ പഠിക്കുന്നു. 4,500-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന ഈ കോളേജിൽ കഴിഞ്ഞ വർഷം 200 ദിവസം അദ്ധ്യയനം നടക്കേണ്ട സ്ഥലത്ത് വെറും 81 ദിവസമാണ് അദ്ധ്യയനം നടന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കൊല്ലത്തെ കാര്യങ്ങളൊക്കെ പറഞ്ഞു. 1998-99 വർഷത്തിൽ, കഴിഞ്ഞ അക്കാഡമിക് ഇയറിൽ യൂണിവേഴ്സിറ്റിയുടെ കണക്കനുസരിച്ച് 81 ദിവസമാണ് കൊല്ലം എസ്.എൻ. കോളേജ് പ്രവർത്തിച്ചത്. പല ദിവസങ്ങളിലും പ്രവർത്തിക്കാതെ ഉച്ചയ്ക്ക് കോളേജ് വിട്ടുപോയ സന്ദർഭങ്ങളും ഭാഗീകമായി സമരംമൂലം നഷ്ടപ്പെട്ട സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. ആ കോളേജിൽ ഒരു സമരമുണ്ടായി; കോളേജുകളിൽ കുട്ടികൾ സമരം ചെയ്യുന്നത് ഈ രാജ്യത്ത് പുതിയ കാര്യമൊന്നുമല്ല. കോളേജുകളിൽ കുട്ടികൾ സമരം ചെയ്യും. എസ്.എൻ. കോളേജിന്റെ ചരിത്രത്തിലോ കേരളത്തിലെ മറ്റ് കോളേജുകളുടെ ചരിത്രത്തിലോ വിദ്യാർത്ഥികളുടെ സമരത്തിന് ഒരു രാഷ്ട്രീയ പ്രസ്ഥാനവും സജീവമായി രംഗത്തു വന്ന് വളരെ പരസ്യമായി സമരം നടത്തുന്ന സംഭവമുണ്ടായിട്ടില്ല. ഇത് കേരളത്തിലെ ആദ്യത്തെ സംഭവമാണ്..... നിങ്ങൾക്കറിയില്ലെങ്കിലും ഈ രംഗത്ത് കുറച്ച് പാരമ്പര്യം എനിക്കുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അവരുടെ കുട്ടികൾ നടത്തുന്ന സമരത്തിൽ വളരെ ശക്തമായ ഒരു രാഷ്ട്രീയ പ്രസ്ഥാനം രംഗത്തുവന്നു. ഈ സമരം എങ്ങനെ വന്നു എന്നുള്ളതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അവിടെ കുറെ കുട്ടികളുടെ പേരിൽ നടപടിയെടുത്തു. നടപടിയെടുത്തത് അവിടുത്തെ സ്റ്റാഫ് കൗൺസിലും പ്രിൻസിപ്പലും ഉൾപ്പെടെയാണ്. ആ നടപടി നടപ്പിലാക്കി രണ്ടുമാസക്കാലത്തേയ്ക്ക് അവിടെ സമരമുണ്ടായിരുന്നില്ല. എന്താണ് കാര്യം? പാർലമെന്റ് തെരഞ്ഞെടുപ്പാണ് അതിനുകാരണം.

രണ്ടുമാസം സമരം നടത്താതെ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ, ശ്രീനാരായണീയ പ്രസ്ഥാനവുമായി ബന്ധമുള്ളവരുടെ വോട്ടെല്ലാം കിട്ടിക്കഴിഞ്ഞപ്പോൾ, ആ കോളേജിൽ രണ്ടുമാസം മുൻപ് നടപ്പിലാക്കിയ ശിക്ഷണ നടപടികൾക്കെതിരായി രാഷ്ട്രീയ പ്രസ്ഥാനങ്ങളുൾപ്പെടെ സമരം ആരംഭിച്ചു. ഈ സമരം ആരംഭിച്ച് കുറെ മുന്നോട്ടുപോയപ്പോൾ കോളേജിന് അവർ കോടതിയിൽ പോയി പ്രൊട്ടക്ഷൻ വാങ്ങി. ഞാൻ അതിന്റെ ഡീറ്റെയിൽസിലേയ്ക്ക് കടക്കുന്നില്ല. എന്താണ് കോടതി പറഞ്ഞത് ? സത്യാഗ്രഹസമരം പോലും 50 മീറ്ററിന് അകലെയേ നടത്താവൂ എന്നാണ്. യഥാർത്ഥത്തിൽ അവിടെ എന്താണ് നടന്നത് ? ആ ഷെഡ് പൊളിച്ച് റോഡിനിപ്പുറം 20 മീറ്റർ പോലും അകലെയല്ലാത്ത സ്ഥലത്ത് വച്ചുകെട്ടി സമരം ആരംഭിച്ചു. 50 മീറ്റർ എന്നാണ് കോടതി പറഞ്ഞിരിക്കുന്നത്. കോളേജിന്റെ മതിലിന് 50 മീറ്റർ അകലേയ്ക്ക് പോകേണ്ട സ്ഥലത്ത്, 160 അടി പുറത്തേയ്ക്ക് നിൽക്കേണ്ട സ്ഥലത്ത്, 20 മീറ്റർപോലും അകലെയല്ലാതെ പോലീസിന്റെ സഹായത്തോടുകൂടി, എല്ലാ ആശീർവാദത്തോടുകൂടിയും സമരം നടത്തി. കോർട്ടലക്ഷ്യം അവിടെ ആരംഭിച്ചു. അതിനുശേഷം നിരന്തരം സമരം നടന്നു, എല്ലാ ദിവസവും സമരം. ആളുകളെ അറസ്റ്റുചെയ്യും, പത്രത്തിൽ പേരുവരും, ഒരേയാളുകൾ, ഉച്ചയാകുമ്പോൾ വിടും, പിറ്റേന്ന് വീണ്ടും സമരം. ഈ സമരത്തിനെതിരായി ഭരണകക്ഷികൾ തന്നെ രംഗത്തുവന്നത് നമുക്കറിയില്ലേ ? ഭരണകക്ഷികൾ തന്നെ രംഗത്തുവന്നില്ലേ ? അതെല്ലാവർക്കും അറിയാവുന്നതാണ്. അവിടെ എന്താണ് നടന്നത് ? ശ്രീനാരായണ കോളേജിൽ പ്രിൻസിപ്പാളിനെ ഘെരാവോ ചെയ്തില്ലായെന്നുപറയുന്നത് കളവാണെന്ന് നിയമസഭയിൽ പറയാൻ പാടില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. പക്ഷേ, സത്യമാണോയെന്ന് മനഃസ്സാക്ഷിയുള്ള എല്ലാവരും ആലോചിക്കണം. രാവിലെ 10 മണി മുതൽ രാത്രി 10.30 വരെ ശ്രീനാരായണ കോളേജിന്റെ പ്രിൻസിപ്പാളിനെ ഘെരാവോ ചെയ്തുവെന്ന് ദേശാഭിമാനി പറഞ്ഞിട്ടുണ്ട്. മലയാള മനോരമയും മാതൃഭൂമിയും മാത്രമല്ല, അവിടെ കുഴപ്പം നടന്നുവെന്ന് ദേശാഭിമാനിയും പറഞ്ഞിട്ടുണ്ട്. ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ശരിയാണ്. എസ്.എൻ. ട്രസ്റ്റിന്റെ റീജിയണൽ കമ്മിറ്റി അംഗങ്ങൾ, പട്ടത്തുവിള ഉൾപ്പെടെയുള്ളവരെ ഘെരാവോ നടക്കുമ്പോൾ ഉച്ചയ്ക്ക് കൊല്ലം കളക്ടറേറ്റിൽ കളക്ടർ ചർച്ചയ്ക്കു വിളിച്ചു. എന്താണ് ചർച്ചയിൽ അവർ പറഞ്ഞത് ? പ്രിൻസിപ്പാളിനെ മോചിപ്പിക്കാതെ ചർച്ച ഇല്ലെന്നുംപറഞ്ഞ് അവർ ചർച്ച ബഹിഷ്ക്കരിച്ചു. കളക്ടറേറ്റിൽ എസ്.പി.യും കളക്ടറും ഉൾപ്പെടെയുള്ളവരുടെ കോൺഫറൻസിൽ പങ്കെടുത്ത് എസ്.എൻ.ഡി.പി.യുടേയും എസ്.എൻ. ട്രസ്റ്റിന്റെയും പ്രാദേശിക നേതാക്കൾ, പട്ടത്തുവിള ഉൾപ്പെടെയുള്ളവർ, ഡെവലപ്മെന്റ് കമ്മിറ്റിയുടെ ചെയർമാൻ ഉൾപ്പെടെയുള്ളവർ, പ്രിൻസിപ്പാളിനെ മോചിപ്പിക്കാതെ യാതൊരു ചർച്ചയുമില്ലെന്നുപറഞ്ഞ് ചർച്ച ബഹിഷ്ക്കരിച്ചുപോയി. അപ്പോൾ ഫെബ്രുവരിമാസം 1-ാം തീയതി പ്രിൻസിപ്പൽ ബന്ദിയാണ്. ആ പ്രിൻസിപ്പാളിനെ രാത്രി 10 മണിവരെ തടഞ്ഞുവച്ചു. കളക്ടർ, എസ്.പി., ഡി.വൈ.എസ്.പി., സർക്കിൾ ഇൻസ്പെക്ടർമാർ, എം.എൽ.എ., എം.പി., അദ്ദേഹം പറഞ്ഞതുപോലെതന്നെ ഞാൻ പറയുകയാണ്, സ്ഥലം എം.എൽ.എ.

LIBRARY ARCHIVES Kerala Legislative Assembly

എന്ന് അദ്ദേഹം പറഞ്ഞിട്ടില്ല അതുകൊണ്ട് ഞാനും പറയുന്നില്ല, ഇവരുടെയെല്ലാം സാന്നിദ്ധ്യത്തിൽ രാത്രി 10.30 ആയപ്പോൾ പ്രിൻസിപ്പാളിനോട് കൊല്ലം എസ്.പി. പറയുന്നു, ആരാണ് കൊല്ലം എസ്.പി ? പത്തനംതിട്ടയിലെ എന്റെ മാർക്സിസ്റ്റ് സ്നേഹിതൻമാരുൾപ്പെടെയുള്ളവർക്കറിയാം, അവർപോലും പത്തനംതിട്ടയിലെത്താൻ അനുവദിക്കാത്ത കൊല്ലം എസ്.പി., ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനേയും ശ്രീ. അടൂർ പ്രകാശിനേയും അടൂരിൽ എം.സി. റോഡിലിട്ട് നീചമായി മർദ്ദിച്ച അന്നത്തെ ഡി.വൈ.എസ്.പി., ഇന്നത്തെ എസ്.പി. എന്താണ് പറഞ്ഞതെന്നറിയാമോ ? മണി 10 ആയി, നിങ്ങളെ അവർ കൊല്ലും, കോടതിവിധിയനുസരിച്ച് ഞങ്ങൾ നിയമപരമായി നടപടിയെടുക്കും, ചിലപ്പോൾ ഇവിടെ വെടിവയ്പുവേണ്ടിവരും. വെടിവയ്പുവേണ്ടിവന്നാൽ, ആളുകൾ മരിച്ചാൽ ശ്രീ. എം. വി. രാഘവന് സംഭവിച്ചതുപോലെ നിങ്ങളായിരിക്കും ഒന്നാം പ്രതി. ഇത് കോടതിയിൽ കൊടുത്ത അഫിഡവിറ്റാണ്. ആരാണ് ഇത് പറയുന്നത് ? രാവിലെ 10 മണി മുതൽ പ്രിൻസിപ്പാളിനെ, എസ്.എൻ. കോളേജ് അദ്ധ്യാപകൻമാരിൽ ഏറ്റവും സീനിയറായ, ആർക്കും എതിരഭിപ്രായമില്ലാത്ത ഡോ. വിജയനെ 12 മണിക്കൂർ ഘെരാവോ ചെയ്തതിനുശേഷം ഒരുതുള്ളി വെള്ളംപോലും കുടിക്കാൻ അനുവദിക്കാതെ, പ്രാഥമികകൃത്യങ്ങൾക്ക് കസേരയിൽനിന്നും എഴുന്നേൽക്കാൻ അനുവദിക്കാതെ ഇരുത്തിയിട്ട്, നിങ്ങൾ ഈ കേസിൽ ശ്രീ. എം.വി. രാഘവനെപ്പോലെ ഒന്നാം പ്രതിയാകുമെന്നാണ് എസ്.പി. പറഞ്ഞത്. ശ്രീ. എം.വി. രാഘവനെ പ്രതിയാക്കിയതാണല്ലേ ? സംശയമില്ല. ആ പ്രിൻസിപ്പാൾക്ക് ഭീതിയോടുകൂടി അവസാനം അവിടത്തെ ട്രെയിനിയായ എ.എസ്.പി. (ഐ.പി.എസ്.കാരൻ) എഴുതിയ കടലാസിൽ ഒപ്പിടേണ്ടിവന്നു. എന്താണെന്നു പോലും സ്ഥലകാലഭ്രമമുള്ള പ്രിൻസിപ്പാളിന് അറിഞ്ഞുകൂടായിരുന്നു. അദ്ദേഹം കോടതിയിൽ കൊടുത്ത അഫിഡവിറ്റ് സമയക്കുറവുകൊണ്ട് ഞാനിവിടെ വായിക്കുന്നില്ല. രസകരമായ ഒരു കാര്യം കൂടിയുണ്ട്. കളക്ടറെ ബന്ദിയാക്കിക്കളഞ്ഞു, നമ്മൾ ഒന്നാലോചിക്കണം, മനുഷ്യത്വം വേണം. എസ്.എൻ. ട്രസ്റ്റിന്റെ ചെയർമാനും എസ്.എൻ.ഡി.പി.യുടെ പ്രസിഡന്റുമായിരിക്കുന്ന ശ്രീ. പ്രതാപ്സിംഗ് അന്തരിച്ചു, അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം ദഹിപ്പിക്കുന്നതിനു മുൻപ്, ഈ കൃത്യം ചെയ്യുക എന്നുപറഞ്ഞാൽ, ഒരു ദിവസം ഒന്നുമാറ്റി വച്ചിട്ട് രണ്ടാമത്തെ ദിവസമാക്കിക്കൂടെ ? എസ്.എൻ.ഡി.പി.യുടെ പ്രസിഡന്റ് പ്രതാപ്സിംഗ് തൃശൂരിൽ മരിച്ചുകിടക്കുമ്പോൾ, ആ ശവശരീരം ദഹിപ്പിക്കുന്നതിനുമുമ്പ്, എസ്.എൻ. ട്രസ്റ്റിന്റെ ആദ്യത്തെ കോളേജിൽ, ശ്രീനാരായണ ഗുരുദേവന്റെ പേരിൽ കെട്ടിപ്പടുത്ത് ഉയർത്തിയിരിക്കുന്ന ആ കോളേജിൽ ഘെരാവോ നടത്തി, ആ ശവശരീരം ദഹിപ്പിക്കാൻ നേതാക്കന്മാർ തൃശൂരിൽ തങ്ങുമ്പോൾ ഇവിടെ ഘെരാവോയും വിപ്ലവവും വെടിവയ്പും നടത്താൻ ശ്രമിക്കുകയാണ്. നിങ്ങൾക്ക് ഒരു ദിവസം മാറ്റി വയ്ക്കാമായിരുന്നില്ലേ ? ഇതിന്റെ പേര് രാക്ഷസീയമെന്നാണ്. ആ എസ്.എൻ. കോളേജ് പ്രിൻസിപ്പാളിനെ ബന്ദിയാക്കി, അദ്ദേഹം അന്ന് ലീവെടുത്ത് സ്ഥലം വിട്ടതാണ്. ഇപ്പോഴും ജോയിൻ ചെയ്തിട്ടില്ല. എന്താണ് അന്നു രാത്രിയിലുണ്ടായത് ? ഒരു വിഭാഗം ആളുകൾ, ശ്രീ. ആർ. ശങ്കർ, എസ്.എൻ.ഡി.പി. യോഗത്തിന്റെ സെക്രട്ടറിയായിരുന്ന കാലഘട്ടത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

എസ്.എൻ. കോളേജുണ്ടാക്കിയ കാലഘട്ടത്തിൽ, എസ്.എൻ.ഡി.പി. യോഗത്തിന്റെ സംസ്ഥാന കമ്മിറ്റി ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത്, ആദ്യമായി സ്ഥാപിക്കപ്പെട്ട ശ്രീനാരായണഗുരുദേവന്റെ വിഗ്രഹങ്ങളിലൊന്ന് ആ രാത്രി 12 മണിക്കു മുൻപ്, ഒത്തുതീർപ്പ് കഴിഞ്ഞു പോയ ആളുകളാണെന്നും അല്ലെന്നുമൊക്കെ ജനങ്ങൾ പറയുന്നുണ്ട്. തല്ലിപ്പൊട്ടിച്ചു ആരാണ് ചെയ്തതെന്ന് ഞങ്ങൾക്കറിയില്ല. ബി.ജെ.പി. ആണെന്ന് ശ്രീ. പിണറായി വിജയൻ പറയുന്നു. ഞാൻ അത് അംഗീകരിക്കുന്നില്ല. ബി.ജെ.പി.യോ ആർ.എസ്.എസ് വിഭാഗമോ ആണെങ്കിൽ അവരെ പിടിക്കണം. ഞങ്ങൾ വേണ്ടെന്നു പറയുന്നില്ല. നിങ്ങൾ ആരുടെ പേരിലാണ് കേസ്സെടുത്തത് ? മൂന്നു സ്റ്റീൽ കമ്പികൾ കൈകളിലിട്ടിരിക്കുന്ന, ഒരിക്കലും ഓർമ്മയില്ലാത്ത ഒരാളെ പിടിച്ചുകൊണ്ടുവന്ന് കോൺഗ്രസ്സുകാരനാണെന്ന് പറഞ്ഞ് കേസെടുത്തു. എന്നാൽ ഇപ്പോൾ ക്രൈം ബ്രാഞ്ച് പറയുന്നത് ഈ സംഭവത്തിൽ അയാൾക്ക് യാതൊരു പങ്കുമില്ലെന്നാണ്. മുഖ്യമന്ത്രി പറയുന്നു കോൺഗ്രസ്സാണെന്ന്, ശ്രീ. പിണറായി പറയുന്നു ബി.ജെ.പി.യാണെന്ന്. ആരായാലും വിരോധമില്ല. ശ്രീനാരായണഗുരുദേവന്റെ പന്ത്രണ്ടിലധികം വിഗ്രഹങ്ങൾ ഭഞ്ജിക്കപ്പെട്ടിരിക്കുന്നു. എസ്.എൻ.ഡി.പി.യുടെ തൃശൂരിലെ ഓഫീസ് തീ വച്ച് നശിപ്പിച്ചിരിക്കുന്നു. മൂന്നു ലാത്തിച്ചാർജ്ജ് കൊല്ലത്ത് നടന്നു. ഒന്നാമത്തെ ലാത്തിച്ചാർജ്ജ് എ.ഐ.എസ്.എഫ്.ക്കാരെ മർദ്ദിച്ചതാണ്. സൂര്യയിലും ഏഷ്യാനെറ്റിലും കാണുകയുണ്ടായി. ഇത്ര ദയനീയമായ രീതിയിലുള്ള മർദ്ദനം, തുണി ഉരിഞ്ഞായിരുന്നു മർദ്ദനം. ഞങ്ങൾ ആശുപത്രിയിൽ പോയി കണ്ടു. സി.പി.ഐ.യുടെ വിദ്യാർത്ഥി നേതാക്കന്മാരെ ദയനീയമായി മർദ്ദിച്ചു. രണ്ടാമത്തെ സംഭവം കോൺഗ്രസ്സിന്റെ ഓഫീസിൽ കയറിയതാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇന്നും ഈ രാജ്യത്തെ ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനമാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനമാണ്. ആ ഓഫീസിനാവശ്യമായ സ്ഥലമുണ്ടാക്കിയത് ആരാണ് ? യശഃശരീരനായ ശ്രീ. ടി.എം. വർഗ്ഗീസ്. നിങ്ങളിൽ പലർക്കും അതറിയില്ല. ഓഫീസുണ്ടാക്കിയത് ഞങ്ങളൊക്കെ ചേർന്നാണ്. പട്ടം താണുപിള്ള, ടി.എം. വർഗ്ഗീസ്, സി. കേശവൻ എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങൾ വിളിച്ച് വളർന്നവരാണ് ഞങ്ങളൊക്കെ. ആ ടി.എം. വർഗ്ഗീസുണ്ടാക്കിയ ഓഫീസിൽ..... (ബഹളം).....

മി. സ്പീക്കർ : പഴയ കാര്യങ്ങൾ പറയേണ്ട ആവശ്യമില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഡി.സി.സി. ഓഫീസിനുമുൻപിൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾ പോലീസ് തീ വയ്ക്കുന്നു, ടു വീലറുകൾ അടിച്ച് തകർക്കുന്നു, കാറുകളുടെ കണ്ണാടികൾ അടിച്ചു തകർക്കുന്നു. ടി.വി.യിൽ കണ്ടതാണ് ഈ ദൃശ്യങ്ങൾ. ശ്രീ. കെ.സി. വേണുഗോപാലിനെ ഓഫീസ് മുറിയിൽ കയറി മൃഗീയമായി മർദ്ദിച്ചു. യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റായ ബാബുപ്രസാദിനെ ശരീരത്തിൽ 28 തുന്നലുകളാണുണ്ടായിരുന്നത്. ഷാജഹാനെന്നു പറയുന്ന, കുന്നത്തൂരിലെ യൂത്ത് കോൺഗ്രസ്സ് നേതാവിന്റെ തല പൊട്ടി അദ്ദേഹം ഇപ്പോഴും ആശുപത്രിയിൽ കഴിയുകയാണ്. ഞങ്ങൾ വെടിവയ്പ്പിച്ചിട്ടില്ല എന്ന് ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിച്ചു നിങ്ങൾ. നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വെടിവച്ചു കൊല്ലൂ, അതല്ലേ ഇതിലും നല്ലത്. ജീവശ്ശവങ്ങളായി ജീവിക്കുന്നതിലും ഭേദമല്ലേ അത്. കോൺഗ്രസ്സുകാരെ, എ.ഐ.എസ്.എഫ്.കാരെ, എസ്.എൻ.ഡി.പി. നേതാക്കന്മാരെ നടുറോഡിലിട്ടു തല്ലിച്ചതച്ചു നിങ്ങൾ. ഇതിനേക്കാൾ നല്ലത് വെടിവയ്ക്കുകയല്ലേ ? ജീവിതം അവസാനിക്കുമല്ലോ ? ഇങ്ങനെ ജീവശ്ശവങ്ങളായി ജീവിക്കാൻ, ജനങ്ങളുടെ എല്ലൊടിക്കുന്ന ഒരു പോലീസ് നയം നമ്മുടെ രാജ്യത്തിനാവശ്യമുണ്ടോ ? ആലോചിക്കേണ്ട കാര്യമാണ്. ഏതു കാര്യത്തിനാണ് പാർട്ടി ഓഫീസിൽ കയറി ഇവർ അടിച്ചത് ? എസ്.എൻ. കോളേജ് സംഭവവുമായി ബന്ധപ്പെട്ട ഒരു കാര്യം പാർട്ടി ഓഫീസ് റോഡിൽ നിന്ന് ഏതാണ്ട് ഇരുന്നൂറ് ഇരുന്നൂറ്റിയൻപതു അടി അകലെയാണ്. ആ പാർട്ടി ഓഫീസിൽ നിന്ന് കല്ലെറിഞ്ഞാൽ അതിൽ ഒരു കല്ലെങ്കിലും റോഡിലെത്തുമോ ? ഇതാർക്കാണ് അറിഞ്ഞു കൂടാത്തത് ? ഒരു പാർട്ടിയുടെ ഓഫീസിൽ കടന്ന് ടി.എം. വർഗ്ഗീസിന്റെയും സി. കേശവന്റെയും ഇന്ദിരാഗന്ധിയുടേയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും മഹാത്മാഗാന്ധിയുടേയും പടങ്ങൾ തല്ലിപ്പൊട്ടിച്ച് വലിച്ചെറിഞ്ഞ് പോലീസ് ഈ രാജ്യത്ത് നല്ലതു ചെയ്തുവെന്ന് സർട്ടിഫിക്കറ്റ് കൊടുക്കുമോ ? ഇത്രയും മോശമായ രീതിയിൽ പ്രവർത്തിച്ചിട്ടുള്ള ഒരു സംഭവം പോലും ഇതിന് മുൻപുണ്ടായിട്ടില്ല.

മി. സ്പീക്കർ : അടിയന്തിര പ്രമേയത്തിന് ചില കീഴ്വഴക്കങ്ങളൊക്കെയുണ്ട്. ദയവായി ചുരുക്കി അവസാനിപ്പിക്കുക.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അതുപോലെ തന്നെ ക്രൈസ്തവ ദേവാലയങ്ങൾ തകർക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ മൂന്ന് കുരിശ്ശടികളും പള്ളികളും തകർത്തു. അവരെ എന്തുകൊണ്ട് നിങ്ങൾ കണ്ടുപിടിച്ചില്ല ?

മി. സ്പീക്കർ : അതൊന്നും ഈ വിഷയവുമായി ബന്ധപ്പെട്ടതല്ല. അതിന് വേറെ ഉന്നയിക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 18 ദിവസങ്ങളായി ഇത്തരം സംഭവങ്ങൾ ആരംഭിച്ചിട്ട്. ഗുരുദേവന്റെ പ്രതിമ തകർത്തത് 1-ാം തീയതിയാണ്. ഇന്ന് 21-ാം തീയതിയാണ്. ഇത്രയും ദിവസമായിട്ടും യഥാർത്ഥ പ്രതികളിൽ ഒരാളെപ്പോലും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ക്രൂരമായ നരനായാട്ട് പോലീസ് നിയമം ലംഘിച്ചിരിക്കുന്നു. ഇപ്പോഴുള്ള കളക്ടറേയും എസ്.പി.യേയും വച്ചുകൊണ്ട് കൊല്ലത്ത് നിയമസമാധാന നില പുനഃസ്ഥാപിക്കാൻ സാധ്യമല്ല എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ജനങ്ങൾക്ക് വിശ്വാസമില്ല. ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അങ്ങയോട് വിനീതമായി ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, നോട്ടീസിൽ പരാമർശിക്കാത്ത ചില പ്രശ്നങ്ങളും ഇവിടെ ഉന്നയിച്ചിട്ടുണ്ട്. കൊല്ലം എസ്.എൻ.ഡി.പി. യോഗം ഓഫീസ് പരിസരത്ത് സ്ഥാപിച്ചിരിക്കുന്ന ശ്രീനാരായണഗുരുദേവ പ്രതിമയ്ക്കും അതു സ്ഥാപിച്ചിരിക്കുന്ന ഗുരുദേവ മന്ദിരത്തിനുനേരെയും 1-2-2000 രാത്രിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കല്ലേറ് നടന്നു. കല്ലേറിൽ ഗുരുദേവന്റെ പ്രതിമയ്ക്ക് കേടുണ്ടാകുകയും കണ്ണാടിച്ചില്ലുകൾക്ക് നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഇന്ത്യൻ ശിക്ഷാ നിയമം 295/447/427 വകുപ്പു പ്രകാരം ക്രൈം 100/2000 നമ്പറായി കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. തുടർന്നു നടത്തിയ വിശദമായ അന്വേഷണത്തിൽ കൊല്ലം മുണ്ടയ്ക്കൽ സ്വദേശി വാസു മകൻ രാജനെ പോലീസ് 2-2-2000-ന് അറസ്റ്റു ചെയ്തു കോടതിയിൽ ഹാജരാക്കി. കൂടുതൽ അന്വേഷണത്തിനായി കേസിന്റെ അന്വേഷണച്ചുമതല ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചു. അവർ വിശദമായി അന്വേഷണം നടത്തി വരുന്നു. 19-1-2000-ന് നടന്ന എ.ഐ.എസ്.എഫ്. മാർച്ചിനു നേരെ പോലീസ് ബലപ്രയോഗം നടന്നുവെന്നുള്ള ആക്ഷേപം നാല് എം.എൽ.എ.മാർ ഉന്നയിച്ചു. ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ വിധേയമായി കൊല്ലം ഡി.വൈ.എസ്.പി.യെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിരിക്കുകയാണ്. എസ്.എൻ. കോളേജ് സംഭവുമായി ബന്ധപ്പെട്ട ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായി എന്ന ആരോപണത്തെക്കുറിച്ചും മറ്റുമുള്ള കാര്യങ്ങൾ ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുകയാണ്. ആയതിനാൽ അതേക്കുറിച്ച് കൂടുതൽ വിശദവിവരങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നത് ഉചിതമല്ലെന്ന് സ്പീക്കർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. യൂത്ത് കോൺഗ്രസ് മാർച്ചിനുനേരെ പോലീസ് ബലപ്രയോഗം നടത്തിയെന്ന പരാതിയെക്കുറിച്ചും എ.ഐ.എസ്.എഫ്. മാർച്ചിനുനേരെ നടന്നതായി ആരോപിക്കപ്പെടുന്ന പോലീസ് ബലപ്രയോഗത്തെക്കുറിച്ചും ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൊല്ലത്തുണ്ടായ സംഭവങ്ങളിൽ തികച്ചും നിയമനാനുസൃതമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കൊല്ലത്ത് ഇപ്പോൾ തികച്ചും സമാധാനപരമായ അന്തരീക്ഷം നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല. പാർട്ടി ഓഫീസിൽ കയറി പോലീസ് മർദ്ദിക്കരുത്. പാർട്ടിഓഫീസിൽ അക്രമപ്രവർത്തനവും ആകരുത്. എ.കെ.ജി. സെന്ററിൽ കയറി പോലീസ് വെടിവച്ച സംഭവത്തിൽ ശ്രീ. ബാലകൃഷ്ണപിള്ള ദുഃഖം രേഖപ്പെടുത്തിയിട്ടില്ല. കൊല്ലത്തുണ്ടായ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തീരുമാനിക്കുകയും, അന്വേഷണ കമ്മീഷനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി ചെയർ നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സ്പീക്കർ സർ, ഈ അടിയന്തിര പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ടുള്ള ചർച്ച
10 A.M.] തുടങ്ങുന്നതിന് മുൻപ് ബഹുമാനപ്പെട്ട സ്പീക്കർ എസ്.എൻ. കോളേജ് സംഭവവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ്സുകൾ നടക്കുന്നതിനാൽ സംയമനം പാലിക്കണമെന്നും വിഷയത്തിൽ ഒതുങ്ങി, നിയന്ത്രിച്ച് സംസാരിക്കണമെന്നും പറഞ്ഞു. അങ്ങ് ഇത് പറഞ്ഞ് അവസാനിപ്പിച്ച ഉടനെയാണ് മുഖ്യമന്ത്രി എഴുന്നേറ്റ് ഗവൺമെന്റിന്റെ നിലപാട് വിശദീകരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ആ വിശദീകരണം അങ്ങയുടെ ലക്ഷ്മണരേഖയ്ക്കകത്തുനിന്നുള്ള വിശദീകരണം ആയിരുന്നില്ല. മുഖ്യമന്ത്രി തുടക്കത്തിലെതന്നെ അതിർത്തി ലംഘിച്ചുവെന്ന് മാത്രമല്ല അവാസ്തവ പ്രസ്താവന നടത്തുകയും ചെയ്തു. എഴുതി തയ്യാറാക്കിക്കൊണ്ടുവന്ന ഒരു രേഖയാണ് അദ്ദേഹം വായിച്ചത്. എഴുതി തയ്യാറാക്കിക്കൊണ്ടുവന്ന ഒരു രേഖ ഇത്രമാത്രം അടിസ്ഥാനരഹിതമായ രേഖയായിപ്പോയതിൽ എനിക്ക് ഖേദമുണ്ട്. മുഖ്യമന്ത്രി പറഞ്ഞു, ഡി.സി.സി ഓഫീസ് അക്രമത്തോടനുബന്ധിച്ചുള്ള പ്രതിഷേധത്തിന്റെ ഭാഗമായി പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണിയടക്കമുള്ള നേതാക്കൻമാർ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പടിക്കൽ കുത്തിയിരിപ്പ് സത്യാഗ്രഹം നടത്തി എന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് ഇനിമുതലെങ്കിലും എഴുതിത്തരുന്ന കാര്യങ്ങൾ അതേപടി വായിക്കരുത്. ഞാൻ സത്യാഗ്രഹത്തിന് പോയിട്ടില്ല. ഞാൻ സ്റ്റേഷനിൽ കുത്തിയിരുപ്പ് സത്യാഗ്രഹം നടത്തിയിട്ടില്ല. പോലീസ് സ്റ്റേഷനിൽ പോയിട്ടുമില്ല. അതുകൊണ്ട് അങ്ങ് അതു പിൻവലിച്ചാൽ ഉപകാരമായിരിക്കും, അല്ലെങ്കിൽ അത് റിക്കാർഡിൽ കിടക്കും. മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ തുടക്കം ഞാൻ പറഞ്ഞു, അവിടെത്തന്നെ വസ്തുതാപരമായ തെറ്റ്. പിന്നെയും വസ്തുതാപരമായ തെറ്റാണ്. കൊല്ലം എസ്.എൻ. കോളേജിലെ പ്രശ്നം തുടങ്ങിയത് എസ്.എഫ്.ഐ., കെ.എസ്.യു. സംഘട്ടനത്തിന്റെ ഫലമായിട്ടല്ല. അവിടെ 22 വർഷങ്ങളായി തുടർച്ചയായി ജയിച്ചുവന്നത് എസ്.എഫ്.ഐ. ആണ്. 22 വർഷത്തിനുശേഷം ഈ വർഷം നടന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ ചെയർമാൻ സ്ഥാനം കെ.എസ്.യു.വിന് ലഭിച്ചു. ആ ചെയർമാനെ ഞാൻ സംസാരിക്കുന്ന ഈ ദിവസംവരെ സത്യവാചകം ചൊല്ലി ചെയർമാൻ സ്ഥാനം ഏറ്റെടുക്കാൻ എസ്.എഫ്.ഐ.ക്കാരും, മാർക്സിസ്റ്റുകാരും അനുവദിച്ചിട്ടില്ല. ജനകീയ പോലീസ് പദ്ധതി ആവിഷ്ക്കരിച്ച് നിയമസമാധാനം കൂടുതൽ ഭദ്രമാക്കാൻ ശ്രമിക്കുന്ന അങ്ങയുടെ പോലീസിന്, അവിടെ ജയിച്ച ചെയർമാന് ചെയർമാനായി സത്യവാചകം ചൊല്ലാൻ അവസരം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. അവിടെയാണ് എസ്.എൻ. കോളേജിന്റെ പ്രശ്നത്തിന്റെ തുടക്കം. ആ സമരം അവിടെ നീണ്ടുനിന്നപ്പോഴാണ് പ്രിൻസിപ്പാൾ കോടതിയെ സമീപിച്ചത്. കോടതി ചില വ്യവസ്ഥകൾ പറഞ്ഞു. അതായത് അൻപത് വാരയ്ക്കകത്ത് മുദ്രാവാക്യം വിളിക്കാൻ പാടില്ല; സംഘർഷം പാടില്ല എന്ന്. അതിനുശേഷം മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടേറിയറ്റ് മെമ്പർ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പരസ്യമായി പ്രഖ്യാപിച്ചു. ഞങ്ങൾ കോടതി വിധി ലംഘിക്കും എന്ന് ഇത് ദേശാഭിമാനി പത്രത്തിൽ ഉണ്ട്. മാർക്സിസ്റ്റ് പാർട്ടി ചർച്ച ചെയ്തെടുത്ത തീരുമാന പ്രഖ്യാപനമാണത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഞങ്ങൾ വേണ്ടിവന്നാൽ കോടതി വിധി ലംഘിക്കുമെന്നാണ്. ആ പ്രഖ്യാപനമാണ് കൊല്ലത്ത് മാർക്സിസ്റ്റുകാരും എസ്.എഫ്.ഐക്കാരും നടപ്പിലാക്കിയത്. കോടതിവിധി ലംഘിച്ചുകൊണ്ട് രണ്ടായിരത്തോളം മാർക്സിസ്റ്റുകാരും എസ്.എഫ്.ഐ.ക്കാരും കൂടിയാലോചിച്ച് കോളേജിലേയ്ക്കു തള്ളിക്കയറി പ്രിൻസിപ്പാളിനെ ഘെരാവോ ചെയ്തു. ശ്രീമതി മെഴ്സിക്കുട്ടി അമ്മ ഉണ്ടായിരുന്നു. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. പ്രിൻസിപ്പാളിന്റെ തന്നെ സത്യവാങ്മൂലം ഹൈക്കോടതിയിലുണ്ട്. കേരള

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിലെ ഒരു കോളേജ് പ്രിൻസിപ്പാളിനെ പച്ചവെള്ളം പോലും കൊടുക്കാതെ 12 മണിക്കൂർ ബന്ദിയാക്കിയ സംഭവം ഹൈക്കോടതി വിധി നടപ്പിലാക്കാൻ ചുമതലപ്പെട്ട കളക്ടർ, ഹൈക്കോടതി വിധി നടപ്പിലാക്കാൻ ചുമതലപ്പെട്ട പോലീസ് സൂപ്രണ്ട് ഇവർ ഘെരാവോ അവസാനിപ്പിക്കാൻ ശ്രമിക്കുന്നതിനുപകരം ഘെരാവോക്കാർ പറയുന്ന കാര്യം ഒപ്പിട്ടുകൊടുക്കുവാൻ കളക്ടറും, എസ്.പി.യും പ്രിൻസിപ്പാളിനെ നിർബന്ധിക്കുകയായിരുന്നു. നിയമവാഴ്ചയോട് കുറച്ചെങ്കിലും ബഹുമാനമുണ്ടെങ്കിൽ ഹൈക്കോടതി വിധി ലംഘിച്ചുകൊണ്ട് പ്രിൻസിപ്പാളിനെ ഘെരാവോ ചെയ്തവരെ, അവരെ സഹായിച്ച കളക്ടറേയും എസ്.പി.യേയും സസ്പെന്റ് ചെയ്യാൻ തയ്യാറാകണം. ആ സംഭവത്തിൽ പ്രതിഷേധിച്ചുകൊണ്ടാണ് കൊല്ലത്ത് യൂത്ത് കോൺഗ്രസ്സുകാർ സമരം നടത്തിയത് ; മാർച്ച് നടത്തിയത്. ആ മാർച്ചിനുനേരെയാണ് ക്രൂരമായ ലാത്തിച്ചാർജ് നടത്തിയത്. ശ്രീ. കെ.സി. വേണുഗോപാലിനെ മർദ്ദിച്ചു. അവിടെ ചോരക്കളമായിരുന്നു. ഡി.സി.സി ഓഫീസിലാകെ ചോരയായിരുന്നു. യൂത്ത് കോൺഗ്രസുകാർ ധരിച്ചിരുന്ന വസ്ത്രങ്ങളിലെല്ലാം ചോരക്കറ. "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്ന നിലയിലാണ് അവരിപ്പോൾ. പിറ്റേദിവസത്തെ വാർത്താമാധ്യമങ്ങൾ മുഴുവൻ, എല്ലാ മലയാളപത്രങ്ങളും അതുപോലെ ഇലക്ട്രോണിക് മാധ്യമങ്ങൾ, ദേശാഭിമാനിയടക്കമുള്ള പത്രങ്ങൾ, അവയിലൊന്നും ഡി.സി.സി. ഓഫീസിൽ നിന്നും പുറത്തേയ്ക്ക് കല്ലെറിയുന്ന ഒരു ഫോട്ടോയും വന്നിട്ടില്ല. അതുപോലെ ടി.വി.യിലും വന്നിട്ടില്ല. രണ്ടരയേക്കർ വിസ്തീർണ്ണമുള്ള ആ ഓഫീസിൽ നിന്നും ഒരാക്രമണവും ഉണ്ടാകാതെ തന്നെ പോലീസ് അവിടെ അകത്തു കയറി ഓഫീസ് കുത്തിപ്പൊളിച്ചു, തല്ലിത്തകർത്തു. ശ്രീ. വേണുഗോപാലടക്കമുള്ളവരെ ക്രൂരമായി മർദ്ദിച്ചു. വളരെ മൃഗീയമായി മർദ്ദിച്ചു. കൊല്ലത്തെ കോൺഗ്രസ്സ് പ്രവർത്തകരും കശുവണ്ടിപ്രവർത്തകരും കൂടി കഷ്ടപ്പെട്ടുണ്ടാക്കിയ ഒരോഫീസ് തകർത്തു. അങ്ങ് പറഞ്ഞു എ.കെ.ജി. സെന്ററിൽ വെടിവച്ചു എന്ന്. എ.കെ.ജി. സെന്ററിന് നാശനഷ്ടമുണ്ടായിട്ടുണ്ടോ ? കേരളത്തിൽ ഏതെങ്കിലുമൊരു പാർട്ടി ഓഫീസ് ആരുടേയെങ്കിലും ഭരണകാലത്ത് ഈ നിലയിൽ തല്ലിത്തകർത്ത ഒരു സംഭവം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ ? കൊല്ലം ഡി.സി.സി. ഓഫീസിൽ ഉണ്ടാക്കിയ ആ രക്തപ്പുഴ ദൃശ്യ മാധ്യമങ്ങളും വാർത്താ മാധ്യമങ്ങളും ഒരുപോലെ പ്രസിദ്ധീകരിച്ചതല്ലേ ? ആ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ നിങ്ങൾ ഒരു റിട്ടയേർഡ് ജഡ്ജിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജുഡിഷ്യൽ അന്വേഷണം നടത്തുകയില്ലായെന്ന് മുഖ്യമന്ത്രി പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. ഞാനുൾപ്പെടെ കേരളത്തിലെ പ്രതിപക്ഷ പാർട്ടി നേതാക്കൻമാർക്കു വേണ്ടി ഐക്യമുന്നണി ഏകോപന സമിതിയുടെ കൺവീനർ ശ്രീ. കെ. ശങ്കരനാരായണൻ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യന്ത്രിക്ക് എഴുതിക്കൊടുത്തിരുന്നു. ജുഡീഷ്യൽ അന്വേഷണം നടത്തുന്ന പ്രശ്നമില്ലെന്ന് മുഖ്യമന്ത്രി പരസ്യമായി പ്രസ്താവിച്ചു. അതിനിടയിൽ മറ്റൊരു സംഭവമുണ്ടായി. എ.ഐ.എസ്.എഫ്-ക്കാരെ മർദ്ദിച്ച സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം ഇല്ലെങ്കിൽ ഞങ്ങൾ ഇക്കാര്യം അസംബ്ളിയിൽ ഉന്നയിക്കുമെന്ന് സി.പി.ഐ.യുടെ സ്റ്റേറ്റ് കൗൺസിൽ കൂടി

LIBRARY ARCHIVES Kerala Legislative Assembly

ഒരു താക്കീതു കൊടുത്തു. അവർ വീണ്ടും എസ്.പി. ആഫീസ് മാർച്ച് നടത്തും എന്നുള്ള ഒരു താക്കീതുകൂടി കൊടുത്തപ്പോൾ ജുഡീഷ്യൽ അന്വേഷണം നടത്തുകയില്ലെന്ന് പറഞ്ഞ മുഖ്യമന്ത്രി ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറായി. എ.ഐ.എസ്.എഫ്.ക്കാരെ തല്ലിയതു മാത്രം അന്വേഷിച്ചാൽ അത് ചീത്തപ്പേരാകുമെന്ന് തോന്നിയപ്പോൾ അക്കൂട്ടത്തിൽ ഡി.സി.സി. ആഫീസ് സംഭവംകൂടി ഉൾപ്പെടുത്തി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനേയും ശ്രീ. അടൂർ പ്രകാശിനേയും തല്ലിയ സന്ദർഭത്തിൽ അന്വേഷിക്കാൻ നിയമിച്ചത് പോലെ, നിങ്ങൾ പറയുന്നതുപോലെ എഴുതിക്കൊടുക്കാൻ, ഒരു റിട്ടയേർഡ് ജഡ്ജിയെ നിയമിച്ചിട്ടുണ്ട്. ഞങ്ങൾക്ക് ആ അന്വേഷണം സ്വീകാര്യമല്ല. ഞങ്ങൾ പടുത്തുയർത്തിയ, കഷ്ടപ്പെട്ട് ഉണ്ടാക്കിയ, കേരളത്തിലെ കോൺഗ്രസ്സ് നേതാക്കളും ശ്രീ. സി. കേശവൻ, ശ്രീ. ടി.എം. വർഗ്ഗീസ്, ശ്രീ. സി.എം. സ്റ്റീഫൻ എന്നിവർ ഉൾപ്പെടെ വിയർപ്പൊഴുക്കി ഉണ്ടാക്കിയ ആ ഓഫീസ് തല്ലിത്തകർത്ത സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തിയേ തീരൂ. ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണം. കേരളത്തിലെ കോൺഗ്രസ്സുകാർ അതുവരെ നിങ്ങളെ വെറുതേ വിടാൻ പോകുന്നില്ലായെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ അടങ്ങിയിരിക്കാൻ പോകുന്നില്ല. ഞങ്ങളുടെ പാർട്ടി ഓഫീസ് തകർത്ത സംഭവത്തെക്കുറിച്ച് സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയാറാകണം. അതുകൊണ്ട് അവസാനിക്കുന്നില്ല. ഈ ഭരണത്തിന്റെ അവസാനം അടുത്തിരിക്കുകയാണ്. ഏതായാലും ഇന്നല്ലെങ്കിൽ നാളെ ഞങ്ങൾ തിരിച്ചുവരുമ്പോൾ ഇതേക്കുറിച്ച് അന്വേഷണം നടത്തും. ഈ വർഷം അല്ലെങ്കിൽ അടുത്ത വർഷം ഇതേക്കുറിച്ച് ഞങ്ങൾ അന്വേഷിക്കും. ഡി.സി.സി. ഓഫീസ് അക്രമവും എ.ഐ.എസ്.എഫ്-ന്റെ ജാഥയ്ക്ക് നേരെയുണ്ടായ അക്രമവും ഗൗരവം അർഹിക്കുന്ന പ്രശ്നങ്ങളാണ്. ശ്രീനാരായണ പ്രതിമ തല്ലിത്തകർത്തത് ഒരു ഗൗരവപ്പെട്ട പ്രശ്നമല്ലേ? കൊല്ലം എസ്.എൻ. കോളേജ് പ്രിൻസിപ്പാളിനെ ബന്ദിയാക്കിയ പ്രശ്നം ഗൗരവമുള്ളതല്ലേ? ആ പ്രശ്നങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ എന്താണ് മടി? കൊല്ലം ശ്രീനാരായണ കോളേജ് പ്രിൻസിപ്പാളിനെ ബന്ദിയാക്കിയ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ എന്താണ് ഭയപ്പെടുന്നത്? ആ കാര്യങ്ങൾ മുഴുവൻ പുറത്തുവന്നാൽ കൊല്ലം എസ്.പി.യും കളക്ടറും കൊല്ലത്തെ പോലീസുകാരും മാത്രമല്ല പ്രതികൾ. അവിടെ നടന്ന സംഭവങ്ങൾക്ക് നേതൃത്വം കൊടുത്ത പലരുടേയും പേരുകൾ പുറത്തുവരും. തിരുവനന്തപുരത്തുനിന്നും പോയ ആജ്ഞകൾ, ഉത്തരവുകൾ, അതിനു പിന്നിൽ പ്രവർത്തിച്ചവർ തുടങ്ങി എല്ലാം പുറത്തുവരും. നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ, നിങ്ങളുടെ കൈകൾ ശുദ്ധമാണെങ്കിൽ, എന്തുകൊണ്ട് ശ്രീനാരായണ കോളേജിൽ നടന്ന ബന്ദി നാടകത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണത്തിന് തയാറാകുന്നില്ല? അതുപോലെ ശ്രീനാരായണ പ്രതിമ വികൃതമാക്കിയ സംഭവം ലാഘവ ബുദ്ധിയോടുകൂടി എടുക്കുകയാണ്. കേരളമൊട്ടാകെ പതിമൂന്നോ പതിനാലോ ഗുരുദേവ പ്രതിമകൾ ആക്രമിക്കപ്പെട്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ക്രൈംബ്രാഞ്ച് അന്വേഷണം തുടങ്ങി. ആരാണ് കുറ്റക്കാരെന്ന് അറിയില്ല. ആരായാലും കുറ്റക്കാരെ കണ്ടുപിടിച്ച് കഠിനമായ ശിക്ഷകൊടുക്കണം. അതാണ് നിങ്ങളുടെ കടമ. സംഭവം നടന്ന് രണ്ടാഴ്ച കഴിഞ്ഞിട്ടും ഇതുവരെ പ്രതികളെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. പ്രതിമ തകർത്തവരെ പിടികൂടേണ്ടത് നിങ്ങളല്ലേ? മുഖ്യമന്ത്രി അവിടെ പോയതല്ലേ? പ്രതിമ തകർത്തവരെ പിടിക്കാത്തതിന്റെ ഫലമായി കേരളത്തിലാകെ കൂടുതൽ കൂടുതൽ സംഘർഷങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സംഭവത്തെക്കുറിച്ച് മുഖ്യമന്ത്രി വളരെ ലാഘവബുദ്ധിയോടുകൂടി, അടിസ്ഥാനരഹിതമായിട്ടാണ് പ്രസ്താവന നടത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടക്കമുള്ളവർ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ പോയി കുത്തിയിരുപ്പ് നടത്തിയെന്നുള്ള വാചകത്തോടുകൂടിയാണ് മുഖ്യമന്ത്രിയുടെ പ്രസ്താവന ആരംഭിക്കുന്നത്. അങ്ങനെ അബദ്ധവും അടിസ്ഥാനരഹിതവുമായിട്ടുള്ള മറുപടിയിൽക്കൂടി ഇത്രയും ഗൗരവമായ ഒരു പ്രശ്നത്തെ ലഘൂകരിച്ചു കാണുന്ന ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഈ വിഷയം നിയമസഭയിൽ ചർച്ച ചെയ്യണമെന്നുള്ള ആവശ്യം പ്രത്യേകിച്ചും ന്യായമായിരുന്നു. ഇവിടെ ഈ സംഭവത്തിനുശേഷം, കുറഞ്ഞ സമയംകൊണ്ട് ഈ സംസ്ഥാനത്തുണ്ടായ സംഭവവികാസങ്ങൾ അത്ര അഭികാമ്യമായിരുന്നില്ല. നിരവധി ആരോപണങ്ങൾ വന്നിരിക്കുന്നു. കോടതി പറഞ്ഞതിന് വിരുദ്ധമായിട്ടുള്ള സംഭവങ്ങളുണ്ടായി. ഉദ്യോഗസ്ഥൻമാർ പ്രശ്നങ്ങൾ കൈകാര്യം ചെയ്തത് വളരെ ലാഘവ ബുദ്ധിയോടുകൂടിയാണ്. അത് ലാത്തിച്ചാർജ്ജിൽ കലാശിച്ചു. കോൺഗ്രസ്സ് പ്രവർത്തകർ നിഷ്ഠൂരമായ ലാത്തിച്ചാർജിന് വിധയരാകേണ്ടിവന്നു എന്നുള്ള ആരോപണം ഉണ്ടായിരിക്കുന്നു. ഇപ്പോൾ ജുഡീഷ്യൽ അന്വേഷണത്തിന് ഏർപ്പാടാക്കിയിട്ടുണ്ട്. അതുകൊണ്ട് വളരെ വിശദമായി അതിന്റെ മെറിറ്റിലേയ്ക്ക് കടക്കാൻ പാടില്ലായെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറയുകയുണ്ടായി. അവിടെത്തന്നെ കോടതിവിധി ലംഘിച്ചു എന്നാണ് ആരോപണം. ചില മാർഗ്ഗനിർദ്ദേശങ്ങൾ കോടതി പറഞ്ഞിരിക്കുന്നു. അത് ലംഘിച്ചുകൊണ്ട് ഉദ്യോഗസ്ഥൻമാർ ഒരു പ്രത്യേക രീതിയിൽ പ്രവർത്തിക്കുകയും പ്രിൻസിപ്പാളിനെപ്പോലും ബന്ദിയാക്കിയാണ് ഒത്തുതീർപ്പുണ്ടാക്കിയത് എന്നുള്ള ആരോപണവും വന്നിരിക്കുന്നു. അത് വളരെ ഗുരുതരമായ പ്രശ്നമാണ്. അതിനെ തുടർന്ന് ഈ സംസ്ഥാനത്ത് ഇതുവരെ ഉണ്ടാകാത്തവിധമുള്ള പല സംഭവവികാസങ്ങളും ഉണ്ടായി. നമ്മുടെ സംസ്ഥാനത്തിന്റെ സൽപ്പേരിന് കളങ്കം ഉണ്ടാകുന്ന വിധത്തിൽ, ചില പ്രത്യേക വിഭാഗങ്ങളുടെ മനസ്സിന് വേദന തോന്നിപ്പിക്കുന്ന തരത്തിൽ പ്രതിമ തകർക്കലും മറ്റ് പ്രശ്നങ്ങളും ഉണ്ടായി. അതൊക്കെ ഒഴിവാക്കാമായിരുന്നു. ഉദ്യോഗസ്ഥൻമാരുടെ പാർശ്വലായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം ഉണ്ടായി എന്നുള്ള ആരോപണവുമുണ്ട്. അതൊക്കെ നിഷ്പക്ഷമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതുണ്ട്. പാർട്ടി ഓഫീസുപോലും കയ്യേറി ലാത്തിച്ചാർജ് നടത്തുകയുണ്ടായി. ഏത് രാഷ്ട്രീയ പാർട്ടിയുടെ ഓഫീസായാലും അവിടെ കയറി അലങ്കോലമുണ്ടാക്കുന്നത് ഒരിക്കലും അംഗീകരിക്കാൻ പറ്റുന്ന കാര്യമല്ല. അതുപോലെ നിരവധി പ്രശ്നങ്ങൾ അവിടെ ഉണ്ടായിട്ടുണ്ട്. അതു സംബന്ധിച്ച് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും പ്രതിപക്ഷനേതാവും വളരെ വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇക്കാര്യങ്ങൾ നിയമസഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതായിരുന്നു. ആ ചർച്ച അനുവദിക്കാത്തതുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി : സർ, നമ്മുടെ സംസ്ഥാനത്ത് കോടതി ഉത്തരവുകൾ തുടരെത്തുടരെ ലംഘിക്കുന്നുവെന്നുള്ളത് നിർഭാഗ്യകരമായ കാര്യമാണ്. ജുഡീഷ്യറിയുടെ ഉത്തരവുകൾ ലംഘിക്കാൻ തുടങ്ങുന്നതോടെ ജനാധിപത്യത്തിന്റെ അസ്ഥിവാരം തന്നെ തകരുകയാണ്. ഇവിടെ നിയമവാഴ്ചയുടെ ലംഘനമാണ് നടത്തിയിരിക്കുന്നത്. വാസ്തവത്തിൽ എസ്.എൻ കോളേജിൽ, അൻപത് വാരയ്ക്കകത്ത് പ്രകടനം പോലും ഉണ്ടാകാൻ പാടില്ല എന്ന ഹൈക്കോടതി വിധി നിലനിൽക്കേ അന്യായമായി സംഘം ചേർന്നുകൊണ്ട് നൂറുകണക്കിന് ഗുണ്ടകൾ കോളേജു ക്യാമ്പസിനകത്ത് കയറിയ സന്ദർഭത്തിൽതന്നെ പോലീസ് അവരെ തടയേണ്ടതായിരുന്നു. അവരെ തടയാതിരുന്നത് കോടതി ഉത്തരവിന്റെ ലംഘനമാണ്. എന്നു മാത്രമല്ല, ഈ ഗുണ്ടകൾ കോളേജ് ഓഫീസിൽ കയറി പ്രിൻസിപ്പാളിനെ ബന്ദിയാക്കി. രാവിലെ പത്തുമണി മുതൽ രാത്രി പത്തുമണി വരെ ഒരു തുള്ളി വെള്ളം പോലും കുടിക്കാൻ അവസരം നൽകാതെ പ്രിൻസിപ്പാളിനെ ബന്ദിയാക്കിയ ആ സംഭവത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കോളേജ് പ്രിൻസിപ്പാളിനെ ബന്ദിയാക്കിയില്ലെന്നാണ്. ഇതിന് വാസ്തവവുമായി എന്തെങ്കിലും ബന്ധമുണ്ടോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരമൊരു പ്രസ്താവന പുറപ്പെടുവിക്കാൻ പാടില്ലായിരുന്നു. അവിടത്തെ പ്രിൻസിപ്പാൾ പിറ്റേദിവസം ഒരു പ്രസ്താവന ഇറക്കിയിരിക്കുന്നു. ഞാൻ നിർബന്ധത്തിന് വഴങ്ങി, ഭീഷണിക്ക് വഴങ്ങിയാണ് ഒത്തുതീർപ്പ് വ്യവസ്ഥയിൽ ഒപ്പിട്ടതെന്നാണ് അദ്ദേഹത്തിന്റെ പ്രസ്താവന. പോലീസ് ഉദ്യോഗസ്ഥൻ ഒത്തുതീർപ്പു വ്യവസ്ഥ ഡിക്റ്റേറ്റ് ചെയ്തു. പ്രിൻസിപ്പാൾ ഒരു പ്രസ്താവന ഇറക്കിയ സാഹചര്യത്തിൽ, പ്രിൻസിപ്പാളിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തുകൊണ്ട് ഡിസ്ട്രിക്ട് കളക്ടറേയും എസ്.പി.യേയും ആ നിമിഷം ഇതൊരു ജനാധിപത്യ ഗവൺമെന്റായിരുന്നെങ്കിൽ, പ്രോസിക്യൂട്ട് ചെയ്യുമായിരുന്നു. ഒരു ഡിസ്ട്രിക്ട് കളക്ടറുടെ ചുമതലയെന്താണ് ? ഒരു ഡിസ്ട്രിക്ട് കളക്ടർ ജില്ലാ മജിസ്ട്രേറ്റ് കൂടിയാണ്. ക്രിമിനൽ പ്രൊസീഡ്യൂവർ കോഡ് അനുസരിച്ച്, പോലീസ് ആക്ട്

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് unlawful assembly disperse ചെയ്യേണ്ടുന്ന ഉത്തവാദിത്വമുള്ള ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേട്ട് ആണ് ഡിസ്ട്രിക്ട് കളക്ടർ. ആ നിയമപരിപാലന ഉത്തരവിന് ചുമതലയുള്ള ഡിസ്ട്രിക്ട് കളക്ടറും പോലീസ് സൂപ്രണ്ടും ഒരു പ്രിൻസിപ്പാളിനെ ബന്ദിയാക്കിയത് കണ്ടുകൊണ്ടിരുന്നു എന്ന് മാത്രമല്ല, ബന്ദിയാക്കിയ ആ ഗുണ്ടകളോടൊത്തു ആ പ്രിൻസിപ്പാളിനെ നിർബന്ധിച്ച് ഒരു ഒത്തു തീർപ്പു വ്യവസ്ഥയിൽ ഒപ്പിടുവിച്ചുവെങ്കിൽ ഇതിൽ കൂടുതൽ ആക്ഷേപകരമായ, ഇതിൽ കൂടുതൽ ജനാധിപത്യം നിഷേധിക്കുന്ന ഒരു നടപടി നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. എനിക്ക് അതിലേറെ ആക്ഷേപകരമായി തോന്നുന്നത്, ആ എസ്.പി.യേയും ആ ജില്ലാ കളക്ടർ ചെയ്ത നടപടിയേയും നീതീകരിച്ചുകൊണ്ട്, ന്യായീകരിച്ചു കൊണ്ട് നമ്മുടെ സംസ്ഥാനത്തിലെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ അടുത്ത ദിവസം നടത്തിയ പ്രസ്താവന ലജ്ജാകരമായിപ്പോയി. ഒരു ക്ലീൻ സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കുകയുണ്ടായി. വളരെ ലജ്ജാകരമായ നടപടിയായിപ്പോയി. പ്രിൻസിപ്പാളിനെ ബന്ദിയാക്കാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടിയില്ല. അങ്ങ് അവരുടെ മേൽ നടപടിയെടുക്കണം. എടുത്തേ തീരൂ. ഈ സംഭവത്തിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ്സ് നടത്തിയ ജാഥയുടെമേൽ പോലീസ് നടത്തിയ നരനായാട്ട്. സർ, ഞാൻ ആ ഡി.സി.സി. ഓഫീസ് പോയി കണ്ടതാണ്. ഡി.സി.സി. ഓഫീസ് ഒരു യുദ്ധക്കളമായി മാറിയിരിക്കുകയാണ്. അവിടത്തെ ഉപകരണങ്ങൾ മുഴുവനും പോലീസ് തല്ലി തകർത്തു. നേതാക്കൻമാരുടെ ഫോട്ടോകൾ അടിച്ചുടച്ചു. ഗ്രൗണ്ടിൽ കിടന്ന സാധനങ്ങൾ തല്ലിത്തകർത്തു. തീവയ്പു പോലും നടത്തിയ പോലീസ്. ഇതുപോലൊരു പോലീസിനെ കണ്ടിട്ടുണ്ടോ ? ഇവിടെ നടക്കുന്നത് മാർക്സിസ്റ്റ് രാജും പോലീസ് രാജുമാണ്. ഇത് നിങ്ങൾ കൊടുത്ത ആജ്ഞയാണ്. പോലീസ് സ്വന്തമായി ചെയ്യുന്നതല്ല. അല്ലെങ്കിൽ നിങ്ങൾ അവരുടെമേൽ നടപടി എടുക്കുമായിരുന്നു. എ.കെ.ജി. സെന്ററിൽ നിന്നും നിങ്ങൾ കൊടുത്ത നിർദ്ദേശമനുസരിച്ച് പോലീസ് നടത്തിയ നരനായാട്ട്, പോലീസ് നടത്തിയ ഈ നെറികെട്ട പ്രവർത്തനങ്ങൾ, ക്രൂരമായ മൃഗീയമായ ഈ മർദ്ദനത്തെക്കുറിച്ച് ജുഡീഷ്യൽ എൻക്വയറി നടത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ട് ഒരു ജുഡീഷ്യൽ എൻക്വയറി നടത്താൻ തയ്യാറാകാത്ത നിങ്ങൾ ,സി.പി.ഐ. സ്റ്റേറ്റ് കൗൺസിൽ, ഞങ്ങൾ വേണ്ടിവന്നാൽ ഭരണം വിട്ടുപോകുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ, ഒരു റിട്ടയേർഡ് ജഡ്ജിയെ വച്ച് അന്വേഷണം നടത്താൻ നിങ്ങൾ തയ്യാറായിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ഉത്തരവിട്ടിരിക്കുന്നതിൽ എന്ത് ആത്മാർത്ഥതയുണ്ടെന്ന് ഞാൻ ചോദിക്കുകയാണ്. ഇവിടെ ഒരു ജുഡീഷ്യൽ എൻക്വയറി വേണം. ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള വൃത്തികേടുകൾ, ജനാധിപത്യ വിരുദ്ധനടപടികൾ മുഴുവനും പുറത്തുകൊണ്ടു വരണം. ഇവിടെ ക്രമസമാധാനം തകർന്നിരിക്കുന്നു ; നിയമവാഴ്ച തകർന്നിരിക്കുന്നു. അതിന് മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും കൂട്ടുനിൽക്കുന്നു. ഈ അവസ്ഥയിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ തള്ളിവിടാൻ സാദ്ധ്യമല്ല. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരെ വളരെ വേദനിപ്പിക്കുന്ന കാര്യമാണ്. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാൻ ഈ നിമിഷമെങ്കിലും നിങ്ങൾ തയ്യാറാകണം. ഇത്തരം ഗുരുതരമായ ഒരു സംഭവത്തെക്കുറിച്ച് സമഗ്രമായ ഒരു ചർച്ച നടത്തണം. സത്യം നമ്മൾ മനസ്സിലാക്കണം ; ഈ നിയമസഭ മനസ്സിലാക്കണം. ഇതിനെപ്പറ്റി സമഗ്രമായ ഒരു ചർച്ചയ്ക്ക് അങ്ങ് തയ്യാറാകാത്തതിന്റെ പിന്നിൽ തന്നെ ചില സംശയങ്ങളുണ്ട്. ചർച്ച നടത്തുമ്പോൾ സത്യം വെളിച്ചത്ത് വരും എന്നുള്ളത് കൊണ്ടാണ് നിങ്ങൾ അതിന് വിമുഖത പ്രകടിപ്പിക്കുന്നത്. അതുകൊണ്ട് സഭാ നടപടികൾ നിർത്തി വച്ച് ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ കുറ്റകരമായ, നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ.എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. ടി.എം. ജേക്കബ് : സർ, ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിവരങ്ങൾ ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു അഭ്യർത്ഥനയുള്ളത്. അങ്ങ് സഭാവേദിയിൽ പറയുമ്പോഴെങ്കിലും വസ്തുതകൾ പറയാൻ തയ്യാറാകണം. ബഹുമാനപ്പെട്ട സ്പീക്കർക്ക് ഒരു മന്ത്രി എങ്ങനെ പറയണമെന്ന് നിർദ്ദേശം കൊടുക്കാൻ സാദ്ധ്യമല്ല. വളരെ അവാസ്തവമായിട്ടുള്ള കാര്യങ്ങളാണ് അങ്ങ് ഇവിടെ പ്രതിപാദിച്ചതിൽ മിക്കവയും. ഇന്ന് ഈ നിയമസഭയിൽ വരേണ്ടിയിരുന്ന നാലാം നമ്പർ ചോദ്യത്തിന് അങ്ങ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ, സത്യവിരുദ്ധമായ ഒരു സംഗതി ഈ വിഷയത്തിൽ ഉത്ഭവിച്ചിരിക്കുകയാണ്. ഞാനും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ശ്രീ. ജോണി നെല്ലൂരും ചോദിച്ച നക്ഷത്രചിഹ്നമിട്ട 4-ാം നമ്പർ ചോദ്യം "2000 ജനുവരി 1 മുതൽ ഫെബ്രുവരി 7 വരെ ഏതെല്ലാം സ്ഥലങ്ങളിൽ പോലീസ് ബലപ്രയോഗവും ലാത്തിച്ചാർജും നടന്നു" എന്നതാണ്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി, 7-2-2000-ന് കൊല്ലം പോലീസ് സൂപ്രണ്ട് ഓഫീസിലേയ്ക്ക് യൂത്ത് കോൺഗ്രസ് (ഐ) പ്രവർത്തകർ നടത്തിയ മാർച്ച് അക്രമാസക്തമാകുകയും പോലീസിനുനേരെ രൂക്ഷമായ കല്ലേറ് ഉണ്ടാവുകയും ചെയ്തപ്പോൾ പോലീസ് ലാത്തിച്ചാർജ് നടത്തി എന്നാണ്. എ.വൈ.എഫ്.ഐ.ക്കാർ നടത്തിയ മാർച്ച് 19-1-2000-നാണ്. എസ്.എൻ.ഡി.പിക്കാർക്കെതിരെ പോലീസ് ലാത്തിച്ചാർജ് നടത്തി. അപ്പോൾ എസ്.എൻ.കോളേജ് പ്രശ്നവുമായി ബന്ധപ്പെട്ട് കൊല്ലത്തു തന്നെ നടന്ന മൂന്ന് ലാത്തിച്ചാർജുണ്ട്. രണ്ടെണ്ണം അങ്ങ് മറച്ചുവച്ചു. ഇത് ശരിയാണോ ? ഒരു സഭാതലത്തിൽ പ്രത്യേകിച്ച് മുഖ്യമന്ത്രിയെ പോലുള്ള ഒരാൾ മറുപടി നൽകുമ്പോൾ ആ മറുപടി സത്യവിരുദ്ധമായി

LIBRARY ARCHIVES Kerala Legislative Assembly

നൽകാൻ സാദ്ധ്യമാകുമോ ? ജുഡീഷ്യൽ എൻക്വയറി ഓർഡർ ചെയ്തു എന്ന് പറഞ്ഞ് അങ്ങ് പ്രത്യേകിച്ച്, സ്പെസിഫിക്കായിട്ട് ചോദിച്ചപ്പോൾ അതിന് മറുപടി പറയുന്നില്ല. അങ്ങ് തന്നെ പറഞ്ഞു. നൂറോളം എസ്.എഫ്.ഐ പ്രവർത്തകർ പ്രിൻസിപ്പാളിന്റെ വാതുക്കൽ വന്ന് മുദ്രാവാക്യം മുഴക്കി കുത്തിയിരുന്നുവെന്ന്. അങ്ങ് ഇവിടെ വായിച്ചതാണ്. ഈ 100 പേർക്ക് പ്രിൻസിപ്പാളിന്റെ ഓഫീസിനു മുന്നിൽ പോയി കുത്തിയിരിക്കാനുള്ള അവകാശം അങ്ങ് പറഞ്ഞ്.... അങ്ങ് തന്നെ പറയുന്നുണ്ട്, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 22-11-1999 മുതൽ ആ കോളേജിൽ പോലീസ് പ്രൊട്ടക്ഷൻ കൊടുത്തിട്ടുണ്ടെന്ന് അങ്ങ് കുറച്ചു മുമ്പ് പറഞ്ഞ ആൻസറാണ്. അപ്പോൾ 22-11-1999 മുതൽ പോലീസ് സംരക്ഷണം കൊടുത്തിട്ടുണ്ടായിരുന്ന ആ കോളേജിൽ, കോളേജ് പ്രിൻസിപ്പാളിന്റെ മുറിയുടെ വാതിൽക്കൽ വന്നു നൂറോളം വിദ്യാർത്ഥികൾ അദ്ദേഹത്തെ തടഞ്ഞുവച്ചാൽ അത് നിയമാനുസൃതമാണോ ? നിയമാനുസൃതമല്ല. നിയമത്തിന്റെ വാഴ്ച നിങ്ങൾ ഇവിടെ തകർത്തു. ഇവിടെ കയ്യൂക്കുള്ളവർ കാര്യക്കാർ. ഞങ്ങൾ എന്തും ചെയ്യും നിങ്ങൾ ആരാ ചോദിക്കാൻ ? എന്ന ഈ സമീപനം ശരിയല്ല. ഇത് ശരിയായ ഒരു സമീപനമല്ല. പ്രിൻസിപ്പാളിനെ ബന്ദിയാക്കി. അദ്ദേഹത്തിന്റെ മുറിയ്ക്കകത്ത് ടോയ്ലറ്റ് ഇല്ല ; പുറത്താണ്. അദ്ദേഹം തന്നെ പത്രക്കാരോട് പറഞ്ഞല്ലോ. മീഡിയാക്കാരോടും പറഞ്ഞു. ആ മനുഷ്യനെ മൂത്രമൊഴിക്കാൻ പോലും വിട്ടില്ല. വെള്ളം കുടിക്കാൻ വിടാതെ ബന്ദിയാക്കി. ഈ സമീപനം ശരിയല്ല. സി.പി.ഐ.യുടെ ജില്ലാ സെക്രട്ടറി ഏഷ്യാനെറ്റിലും സൂര്യാ ടി.വി.യിലും പറഞ്ഞു. കോളേജു സമരം തീർന്നു. നല്ല കാര്യം. പക്ഷേ, അതിന് അവർ അവലംബിച്ച മാർഗ്ഗം കമ്മ്യൂണിസ്റ്റുകാർക്ക് യോജിച്ചതല്ല. ലക്ഷക്കണക്കിന് ജനങ്ങൾ ഇത് കണ്ടു. നല്ല മാർഗ്ഗമാണോ ഇത് ? എന്നിട്ട് മുഖ്യമന്ത്രി അതിനെ ന്യായീകരിക്കുന്നു. ആ കുട്ടികളെ ന്യായീകരിക്കുന്നു. ആ നടപടികളെ ന്യായീകരിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്റെ സുഹൃത്താണ്. അദ്ദേഹം പറഞ്ഞു ഞങ്ങൾ ഈ നിയമം ലംഘിക്കുമെന്ന്. മുഖ്യമന്ത്രി നടപടിയെടുത്തോ ? എടുത്തില്ലല്ലോ ? കേസെടുത്തോ ? ഈ സഭയിൽ ഇപ്പോൾ ഈ പ്രതിപക്ഷത്തിരിക്കുന്ന എത്ര എം.എൽ.എമാർ പോലീസ് മർദ്ദനത്തിന് വിധേയരായിട്ടുണ്ട്. ശ്രീമതി മെഴ്സിക്കുട്ടി അമ്മയും മിടുക്ക് കാണിക്കാൻ പോയല്ലോ. ഭരണം അങ്ങയുടെ കയ്യിലുണ്ട്. ഇത് ഒരു ചൂണ്ടു പലകയാണ്. ഇവിടെ പല കോളേജുകളിലും നിങ്ങൾ സമരം നടത്തിച്ചു. കുട്ടികളുടെ സമരം. ചിലപ്പോൾ വിദ്യാർത്ഥികൾ സമരം ചെയ്യും. ഞാനും വിദ്യാർത്ഥി പ്രസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന ആളാണ്. വിദ്യാർത്ഥികൾ സമരം ചെയ്തുവെന്ന് വരും. പക്ഷേ, വിദ്യാർത്ഥികൾ ചെയ്യുന്ന അനാവശ്യ സമരങ്ങളെ രാഷ്ട്രീയമായി സംരക്ഷിക്കുന്ന സമീപനം ഒരു ഭരണാധികാരിക്കോ രാഷ്ട്രീയ പ്രസ്ഥാനത്തിനോ യോജിച്ചതല്ല. അക്രമാസക്തമായ സമീപനം. നിയമം കയ്യിലെടുക്കുന്ന സമീപനം. നിയമം ലംഘിക്കുന്ന വാഴ്ച. നിയമത്തിന്റെ ഭരണം

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്ത് ഉറപ്പു വരുത്തേണ്ട മുഖ്യമന്ത്രി തന്നെ നിയമം ലംഘിക്കുന്നവർക്ക് കൂട്ടു നിൽക്കുന്ന ഒരു സാഹചര്യം. ഈ വിഷയം ആർ.എസ്.പി.യുടെ സെക്രട്ടറി ശ്രീ. ത്യാഗരാജൻ നിരാകരിച്ചില്ലല്ലോ. അദ്ദേഹം എതിരായിട്ട് പറഞ്ഞു. സി.പി.ഐ. സെക്രട്ടറി എതിരായിട്ടു പറഞ്ഞു. സി.പി.ഐ.യിലെ എം.എൽ.എ.മാർ എതിരായിട്ടു പറഞ്ഞു. ഈ സഭയിൽ ഇത് ചർച്ചചെയ്താൽ ഇവരെല്ലാം അഭിപ്രായം പറയും. നിങ്ങൾക്ക് ഇഷ്ടമില്ലാത്ത ഒരു സംഗതി ചർച്ച ചെയ്യപ്പെടാതിരിക്കാൻ വേണ്ടി ചർച്ചയ്ക്കുള്ള അനുമതി നിഷേധിച്ചിരിക്കുകയാണ്. തെറ്റ് ചെയ്തവൻ തെറ്റ് ചെയ്തു എന്നുപറയുന്നതാണ് ആണത്വം. കളക്ടർക്കും, എസ്.പി.ക്കും ഗുഡ് സർട്ടിഫിക്കറ്റ് എൻട്രി കൊടുക്കുന്നതല്ല മിടുക്ക്. നിങ്ങളുടെ ആജ്ഞാനുവർത്തികൾ കാണും ഈ രാജ്യത്ത്. പക്ഷേ, നിയമവാഴ്ച ഉറപ്പുവരുത്താൻ തയ്യാറാകാത്ത ഇത്രയും ഗുരുതരമായ ഭവിഷ്യത്തുകൾ ഈ രാജ്യത്ത് ഉണ്ടാക്കിയ ഇവിടത്തെ കലാലയങ്ങളെ അക്രമാസക്തമാക്കാൻ വേണ്ടി പ്രേരണകൊടുക്കുന്ന, ഗുരുമന്ദിരങ്ങൾ തകർത്തപ്പോൾ അതിനെതിരെ നടപടി സ്വീകരിക്കാത്ത നിയമവാഴ്ച പരിപൂർണ്ണമായി തകർത്ത ഈ സർക്കാരിന്റെ നടപടി ചർച്ചചെയ്യാൻ അനുവദിക്കാത്ത ഈ നടപടിയിൽ പ്രതിക്ഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തു പോയി. ശ്രീമതി കെ.ആർ. ഗൗരിഅമ്മയും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും സഭവിട്ട് പുറത്തുപോയി. പ്രതിപക്ഷാംഗങ്ങൾ അൽപ സമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി)

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ശ്രീ. ഉമ്മൻ ചാണ്ടി എം.എൽ.എ., ശ്രീ. കെ. മുരളീധരൻ എം.പി., ശ്രീ. വയലാർ രവി തുടങ്ങിയവരാണ് ചെന്നത്. ശ്രീ. എ.കെ. ആന്റണി സ്ഥലത്ത് എത്തുകയും അറസ്റ്റ് ചെയ്തവരെ വിട്ടയയ്ക്കണമെന്ന് ആവശ്യപ്പെടുകയും ആണുണ്ടായത്. പോലീസ് സ്റ്റേഷനിൽ വന്ന കോൺഗ്രസ് നേതാക്കളുടെ കൂട്ടത്തിൽ ശ്രീ. എ.കെ. ആന്റണി ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നു എന്ന് നേരത്തെ പറഞ്ഞു.

മി. സ്പീക്കർ : (ഓർഡർ, ഓർഡർ).....

III ചെയർമാൻമാരുടെ പാനൽ

ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ. ഇസ്ഹാക് കുരിക്കൾ, പി. രാഘവൻ, ആന്റണി രാജു എന്നിവരെ പത്താം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലേക്കുള്ള ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly